# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 12 2020




## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

### മകരവിളക്ക് പ്രമാണിച്ചുള്ള അധിക പോലീസ് തിങ്കളാഴ്ച ചുമതലയേൽക്കും

ഇത്തവണത്തെ മകരവിളക്ക് പ്രമാണിച്ചുള്ള തിരക്ക് നിയന്ത്രിക്കുന്നതിനായി സന്നിധാനത്തും പരിസരത്തും നിയോഗിക്കാനുള്ള കൂടുതൽ പോലീസ് സേന തിങ്കളാഴ്ച രാവിലെ ചുമതലയേൽക്കും. 200 ഓളം പോലീസുകാരെയാണ് പുതുതായി തിരക്ക് നിയന്ത്രിക്കുന്ന ജോലികൾക്ക് മാത്രമായി നിയോഗിക്കുക. രണ്ട് ഡിവൈ.എസ്.പിമാർ, മൂന്നു സി.ഐ.മാർ, 16 എസ്.ഐമാർ എന്നിവരെയും ഇതിനായി നിയോഗിച്ചിട്ടുണ്ട്. ഇത് കൂടാതെ സന്നനിധാനത്ത് 1475 പോലീസുകാർ നിലവിൽ ജോലിനോക്കുന്നു. ഇതിൽ 15 ഡിവൈ.എസ്.പി., 36 സി.ഐ,160 എസ്.ഐ, എ.എസ്.ഐമാർ എന്നിവരും നിലവിൽ ഭക്തരുടെ സുരക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.70 പേരടങ്ങുന്ന ബോംബ് സ്ക്വാഡ് സന്നിധാനത്ത് എപ്പോഴും പ്രവർത്തന നിരതമാണ്. പോലീസ് ടെലികമ്മ്യൂണിക്കേഷനിലും 20 പേരെ നിയോഗിച്ചിട്ടുണ്ട്.കേരള പോലീസിലെ ക്വിക് റസ്പോൺസ് ടീമും മകരവിളക്കിന് മുന്നോടിയായി സന്നിധാനത്തെത്തുമെന്ന് സന്നിധാനം സ്പെഷൽ ഓഫീസർ എസ്.സുജിത്ത്ദാസ് പറഞ്ഞു. പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങളാണ് എല്ലാ തവണത്തേതുംപോലെ ഇത്തവണയും ഒരുക്കിയിട്ടുള്ളത്. മകരവിളക്ക് കഴിഞ്ഞ ശേഷം ഭക്തർ തിരിച്ചിറങ്ങുമ്പോൾ ഉണ്ടാകാനുന്ന തിക്കും തിരക്കും നിയന്ത്രിക്കുന്നതിന് പ്രത്യേക പരിഗണനയാണ് പോലീസ് നൽകുന്നത്. ബെയ്‌ലി പാലം വഴിയും കൊപ്രക്കളത്തിന് മുന്നിലുള്ള റോഡും വഴിയാണ് ഭക്തർ കൂടുതലായി പമ്പയിലേക്ക് പോകാൻ സൗകര്യമൊരുക്കുക. ഇതിനായി കൊപ്രാക്കളത്തിന് മുന്നിലുള്ള റോഡ് ജെ.സി.ബി. ഉപ

യോഗിച്ച് വൃത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ ഇവിടം മണ്ണിട്ട് ഉയർത്താനും തീരുമാനിച്ചിട്ടുണ്ടെന്ന് എസ്.ഒ പറഞ്ഞു.

**(പി.ആർ. ശബരി-339)**

## മകരവിളക്കിന് ഇനി രണ്ടുനാൾ മാത്രം; പർണശാലകൾ കെട്ടിത്തുടങ്ങി

മകരവിളക്കിന് ഇനി രണ്ടുദിനം മാത്രം ശേഷിക്കേ ജ്യോതി ദർശിക്കുന്നതിനായി ശബരിമലയിലെത്തുന്ന ഭക്തൻമാർ സന്നിധാനത്ത് ഉൾപ്പടെ പർണശാലകൾ കെട്ടിത്തുടങ്ങി. ചെറിയ ചുള്ളിക്കമ്പുകളും പച്ചിലകളും കാട്ടുവള്ളികളും കൊണ്ടാണ് ഭക്തർ പർണശാലകൾ നിർമിക്കുന്നത്.ജനുവരി 15 സന്ധ്യയോടെ പൊന്നമ്പലമേട്ടിൽ തെളിയുന്ന മകരജ്യോതി കാണാൻ നിരവധി ഭക്തരാണ് സന്നിധാനത്തും സൗകര്യമുള്ള പരിസരപ്രദേശങ്ങളിലും നിറയുന്നത്. പർണശാലകൾ കെട്ടി അവിടെ വിശ്രമിക്കുന്ന തീർത്ഥാടകർ മകരജ്യോതി ദർശന പുണ്യം നേടിയേ ഇനി മലയിറങ്ങൂ. മകരജ്യോതിക്ക് മികച്ച ദർശന സൗകര്യംലഭിക്കുന്ന പാണ്ടിത്താവളം, കൊപ്രക്കളത്തിന് മുൻവശം എന്നി വിടങ്ങളിലാണ് കൂടുതലായി പർണശാലകൾ ഉയരുന്നത്. കൂടാതെ സന്നിധാനത്ത് വാവര് നട, അപ്പം, അരവണ കൗണ്ടറിന് സമീപം,അന്നദാന മണ്ഡപം, ഇൻസിനറേറ്റർ, മരക്കൂട്ടം, ശരംകുത്തി, പമ്പയിലെ യു.ടേൺ തുടങ്ങിയ ഭാഗങ്ങളിലെല്ലാം ഭക്തർ ദർശന സൗകര്യം കണക്കിലെടുത്ത് സ്ഥാനം പിടിച്ചുതുടങ്ങി. ഇവിടങ്ങളിലെല്ലാം ദേവസ്വം ബോർഡ് ഭക്തരുടെ സുരക്ഷ മുൻനിർത്തിയുള്ള ബാരിക്കേഡുകൾ നിർമിച്ചിട്ടുണ്ട്. കൂടാ തെ കെ.എസ്.ഇ.ബി രാത്രിയിൽ വെളിച്ചത്തിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ പാചകം അരുതെന്ന് നേരത്തെ തന്നെ ദേവസ്വം ബോർഡ് നിർദ്ദേശിച്ചി ട്ടുണ്ട്. തീപിടുത്തം ഒഴിവാക്കാനാണിത്.

**(പി.ആർ. ശബരി-340)**

## അയ്യപ്പസ്വാമിയുടെ കൃപാ കടാക്ഷം: നിവേദ്യക്ക് സന്നിധാനത്ത് ചോറൂണ്

നിവേദ്യ എന്ന കുഞ്ഞു മാളികപ്പുറത്തിന് സന്നിധാനത്ത് ചോറൂണ് നടത്തി.പാലക്കാട് കടമ്പഴിപ്പുറം സ്വദേശികളായ ജിനേഷ്-സന്ധ്യ ദമ്പതിമാരുടെ രണ്ടാമത്തെ കുട്ടിയാണ് ഒന്നര വയസുള്ള നിവേദ്യ. ആദ്യത്തെ കുട്ടിയുടെ മരണ ശേഷം എറെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് നിവേദ്യ ജനിച്ചതെന്ന് കുടുംബാംഗങ്ങൾ പറഞ്ഞു. തികഞ്ഞ അയ്യപ്പഭക്തരായ ജിനേഷിന്റെ അമ്മ ലളിതാംബികയും കുടുംബാംഗങ്ങളും ചോറൂണിന് സാക്ഷ്യം വഹിക്കാൻ ശനിയാഴ്ച സന്നിധാനത്ത് എത്തിയിരുന്നു.

**(പി.ആർ. ശബരി-341)**

## പർണശാലകളിൽ പാചകം അരുത്

മകരവിളക്ക് ദർശനത്തിന് ദിവസങ്ങൾ മാത്രം ശേഷിക്കെ മകരജ്യോതി ദർശനത്തിനാ

യി സന്നിധാനത്ത് എത്തു ഭക്തർ തീപിടുത്തത്തിനെതിരെ ജാഗ്രത പുലർത്തണമെന്ന്
ഫയർഫോഴ്സ് അധികൃതർ അറിയിച്ചു. അയ്യപ്പന്റെ പൂങ്കാവനത്തിലെത്തുന്ന ഓരോ അ
യ്യപ്പഭക്തനും പൂങ്കാവനത്തിൽ തീ പിടിക്കാൻ സാധ്യതയുള്ള വസ്തുക്കൾ മുകളിലേക്ക്
കൊണ്ടുപോകരുത്. പാചകത്തിന് ഉപയോഗിക്കുന്ന ഒരു ഇന്ധനവും പർണശാലകളിൽ
അനുവദിക്കുതല്ല. അശ്രദ്ധമായി സന്നിധാനത്തോ യാത്രാമദ്ധ്യേ ശരണപാതകളിലോ ക
ത്തിച്ച കർപ്പൂരം, ചന്ദനത്തിരി, വിറക് കഷണങ്ങൾ എന്നിവ വലിച്ചെറിയാതിരിക്കുക. ഭ
സ്മക്കുളത്തിലിറങ്ങുമ്പോൾ കുഞ്ഞുകുട്ടികളെ പ്രത്യേകം കൈപിടിച്ച് ശ്രദ്ധിക്കണം. ഉ
യരമുള്ള കെട്ടിടങ്ങളിലും ഡോണർ ഹൗസുകൾക്കുമുകളിലും അപകടകരമായ രീതി
യിൽ കൂട്ടം കൂടി നിൽക്കാൻ അനുവദിക്കില്ല. സ്റ്റൗവോ വിറക് അടുപ്പുകളോ ഉപയോഗി
ച്ച് വിരികളിൽ ആഹാരം പാകം ചെയ്യരുത്. ഹോട്ടലുകളിൽ അനുവദനീയമായ അള
വിൽ കൂടുതൽ ഗ്യാസ് സിലിണ്ടറുകൾ സൂക്ഷിക്കാൻ പാടില്ല. ഇതിനെതിരെ ശക്തമായ
നടപടി എടുക്കും. ആഴിയിൽ നിന്ന് നിശ്ചിത അകലം പാലിക്കണം. അഗ്നി സുരക്ഷയു
മായി ബന്ധപ്പെട്ട് സന്നിധാനത്ത് അഗ്നി ശമന രക്ഷാ സേനാ കേന്ദ്രം പ്രവർത്തിക്കു
ന്നുണ്ട്. അഗ്നിബാധയുണ്ടായാൽ ബന്ധപ്പെടേണ്ട നമ്പർ 04735202033, 101 ലോ വിളിക്കാ
വുതാണ്.

**(പി.ആർ. ശബരി-342)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | | |
|---|---|---|
| ജനുവരി / JANUARY | 12 | 2020 |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### ടിപ്പർ ലോറികൾക്കും ഡ്രൈവിംഗ് പരിശീലനത്തിനും 14നും 15നും നിരോധനം

പത്തനംതിട്ട ജില്ലയിലെ റോഡുകളിൽ ജനുവരി 14നും 15നും ടിപ്പർ ലോറികളുടെയും ഡ്രൈവിംഗ് പരിശീലനം നടത്തുന്ന വാഹനങ്ങളുടെയും ഗതാഗതം നിരോധിച്ച് ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവായി. ശബരിമല മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ജില്ലയിൽ ഉണ്ടാകാൻ സാധ്യതയുള്ള വാഹനബാഹുല്യവും ജനത്തിരക്കും പരിഗണിച്ച് ശബരിമല തീർഥാടകരുടെയും പൊതുജനങ്ങളുടെയും ജീവനും അവരുടെ വാഹനങ്ങൾക്കും സുരക്ഷ ഉറപ്പാക്കുന്നതിന് 1988ലെ മോട്ടോർ വാഹന നിയമം വകുപ്പ് 115 പ്രകാരമാണ് നിരോധനം. ഉത്തരവ് നടപ്പാക്കുന്നതിന് ജില്ലാ പോലീസ് മേധാവിയേയും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറേയും ചുമതലപ്പെടുത്തി.

**(പി.ആർ. ശബരി-343)**

### ശബരിമല നാളത്തെ (13-01-2020) തിങ്കളാഴ്ചത്തെ ചടങ്ങുകൾ

മകരവിളക്ക് ഉത്സവത്തിന്റെ ഭാഗമായുള്ള മൂന്നു ദിവസം നീളുന്ന പ്രത്യേക പൂജാ ക്രിയകൾക്ക് തിങ്കളാഴ്ച തുടക്കമാകും.

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ

3 മണിക്ക് തിരുനട തുറക്കൽ

3.05 ന് നിർമ്മാല്യ ദർശനം

3.10 ന് അഭിഷേകം

3.15 മുതൽ 7 മണി വരെ നെയ്യഭിഷേകം

3.30 ന് ഗണപതിഹോമം

7.30 ന് ഉഷപൂജ

8 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും

11.45ന് കലശാഭിഷേകം

12 മണിക്ക് കളഭാഭിഷേകം

12.30ന് ഉച്ചപൂജ

1 മണിക്ക് നട അടയ്ക്കും

വൈകിട്ട് 4 മണിക്ക് തിരുനട തുറക്കൽ

6.30ന് ദീപാരാധന

7 മണിക്ക് പുഷ്പാഭിഷേകം

9.30 ന് അത്താഴപൂജ

രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

**പ്രത്യേക പൂജാക്രിയകൾ ചുവടെ**

ആചാര്യവരണം

പ്രാസാദ ശുദ്ധി, ഗണപതി പൂജ, രാക്ഷോഘ്ന ഹോമം, വാസ്തുഹോമം, വാസ്തുകലശം, രക്ഷാകലശം, വാസ്തുബലി, വാസ്തു പുണ്യാഹം


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 12 2020



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

### തിരുവാഭരണ ഘോഷയാത്രയ്ക്ക് ഇന്ന്( ജനുവരി 13-ന്) തുടക്കം

മകരസംക്രമ സന്ധ്യയിൽ ശബരിമല അയ്യപ്പവിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ ഇന്ന്(ജനുവരി 13-ന്) പന്തളത്തുനിന്നും ഘോഷയാത്രയായി ശബരിമലയിലേക്ക് കൊണ്ടുപോകും. പതിനഞ്ചിനാണ് മകരവിളക്ക്. പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലെ സുരക്ഷിത മുറിയിൽ സൂക്ഷിച്ചിരിക്കുന്ന തിരുവാഭരണങ്ങളാണ് ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻപിള്ളയുടെ നേതൃത്വത്തിലുള്ള 25 അംഗങ്ങൾ ശിരസിലേറ്റി കാൽനടയായി ശബരിമലയിൽ എത്തിക്കുന്നത്.

പന്തളം വലിയതമ്പുരാൻ പി.രാമവർമ്മരാജയുടെ പ്രതിനിധിയായി പ്രദീപ് കുമാർ വർമ്മയാണ് ഇത്തവണ ഘോഷയാത്രയെ നയിക്കുന്നത്. വലിയകോയിക്കൽ ധർമ്മശാസ്താ ക്ഷേത്രത്തിലേക്ക് ഇന്ന് (ജനുവരി 13) എഴുന്നെള്ളിക്കുന്ന തിരുവാഭരണം ഉച്ചയ്ക്ക് 12 വരെ ഭക്തർക്ക് ദർശിക്കാനുള്ള സൗകര്യമുണ്ടാകും. അതിനുശേഷം ക്ഷേത്രത്തിൽ ആചാരപരമായ ചടങ്ങുകൾ നടക്കും. 12.55-ന് രാജപ്രതിനിധി ക്ഷേത്രത്തിൽ നിന്നും പുറത്തിറങ്ങി പല്ലക്കിലേറി യാത്രതിരിക്കും. ഒരുമണിക്ക് തിരുവാഭരണങ്ങൾ ശിരസിലേറ്റി ഘോഷയാത്ര പുറപ്പെടും. 15ന് തിരുവാഭരണങ്ങൾ ശബരീശവിഗ്രഹത്തിൽ ചാർത്തി ദീപാരാധന നടത്തുമ്പോൾ പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയും.

(പി.ആർ. ശബരി-344)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.